**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3975** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിൽ ഈ വർഷം നാളിതുവരെ കൊല്ലം സിറ്റി സൈബർ പോലീസ് സ്റ്റേഷനിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആയതിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിൽ ഈ വർഷം നാളിതുവരെ കൊല്ലം സിറ്റി സൈബർ പോലീസ് സ്റ്റേഷനിൽ 11 കേസുകൾ രജിസ്റ്റർ ചെയതിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ആറ് എണ്ണത്തിൽ ആകെ 21 പ്രതികൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതും ആയതിൽ 15 പ്രതികളെ പിടികൂടിയിട്ടുള്ളതുമാണ്. എല്ലാ കേസുകളിലും ഊർജ്ജിത അന്വേഷണം നടന്നു വരുന്നു. |
| (ബി) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് കേസുകൾ ഏറി വരുന്നതിനാൽ ആയത് പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സൈബർ പോലീസ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ബി) | സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്രദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുകയും കൂടാതെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി സൈബർ സുരക്ഷ സംബന്ധിച്ച മെസേജുകളും, പോസ്റ്റുകളും നിരന്തരം നൽകി വരികയും ചെയ്യുന്നു. പൊതുജനങ്ങൾ ഇത്തരത്തിൽ ഓൺലൈൻ തട്ടിപ്പുകൾക്ക് ഇരയായാൽ, അവയിൽ ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതിനായി National Cyber Crime Reporting Portal (https://cybercrime.gov.in/), Financial Fraud Report Toll Free Number - 1930 എന്നീ ഓൺലൈൻ സംവിധാനം മുഖേന എത്രയും വേഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടത് സംബന്ധിച്ചും, ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ പണം തട്ടിയെടുത്തവരുടെ ബാങ്ക് അക്കൗണ്ട് എത്രയും വേഗത്തിൽ ഫ്രീസ് ചെയ്യപ്പെടുന്നതിനാൽ തട്ടിപ്പുകാർക്ക് ആ പണം പിൻവലിക്കാനാകാതെ വരികയും ആ പണം പരാതിക്കാർക്ക് തിരികെ ലഭിക്കാനുള്ള വഴി തെളിയുന്നതുമാണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | ഓൺലൈൻ തട്ടിപ്പുകൾ എത്രയും വേഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകത ബോധവൽക്കരണ ക്ലാസുകളിലൂടെ പൊതുജനങ്ങളെ ബോധ്യപ്പെട്ടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ